# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 11 | PUBLISHED FROM DELHI | PRICE Rs. 3/- | NOVEMBER 2012


## ദൈവമനുഷ്യർ സമൂഹത്തെ സ്വാധീനിക്കുന്നു: പാസ്റ്റർ എബി ജോർജ്ജ്

**അടൂർ:** ദൈവിക മനുഷ്യന്റെ ജീവിതം കുടുംബത്തിലും സഭയിലും സമൂഹത്തിലും സ്വാധീനവും പ്രതിഫലനവും ഉണ്ടാക്കുമെന്ന് പാസ്റ്റർ എബി ജോർജ്ജ് പ്രസ്താവിച്ചു. ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെലോഷിപ്പ് (എഫ്.സി.എം.എഫ്) മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് നടത്തിയ ഏകദിന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനസാന്തരത്തിലൂടെ ലഭിക്കുന്ന പുതുജീവിതത്തിലൂടെ യേശുവിലുള്ള വിശ്വാസത്താൽ നീതീകരണത്തിലേക്കും ശുദ്ധീകരണത്തിലേക്കും മഹത്വീകരണത്തിലേക്കും ഒരു വ്യക്തി നയിക്കപ്പെടുന്നു. ഒരു ദൈവിക മനുഷ്യനിലേക്കുള്ള പരിണാമവും വികാസവും അങ്ങനെ സംഭവിക്കുന്നു. തന്മൂലം ദൈവമനുഷ്യൻ സമൂഹത്തെ സ്വാധീനിക്കുന്നവരായി തീരുന്നു.

സൃഷ്ടിയിൽ ദൈവം മനുഷ്യനെ ശ്രേഷ്ഠനായി നിർമ്മിച്ചുവെന്നും അതിനുശേഷം മനുഷ്യന്റെ വീഴ്ച അവനെ വേദനാജനകമായ പരിണിത ഫലങ്ങളിലേക്കും നയിച്ചുവെന്നും പാസ്റ്റർ ബോബി പി. ജോൺ ഓർമ്മിപ്പിച്ചു. തകർന്നുപോയ മനുഷ്യൻ ദൈവത്തിന്റെ മനുഷ്യരായി തീരുവാൻ മാനസികമായും ധാർമ്മികമായും ആത്മീകമായും ശാരീരികമായും പ്രാപിക്കേണ്ട ശക്തിയേക്കുറിച്ചും പാസ്റ്റർ ബോബി വിശദീകരിച്ചു.



*എഫ്.സി.എം.എഫ് കേരളാ റീജൻ സംഘടിപ്പിച്ച സെമിനാറിൽ പാസ്റ്റർ എബി ജോർജ്ജ് സംസാരിക്കുന്നു. എഫ്.സി.എം.എഫ് കേരളാ റീജൻ പ്രസിഡന്റ് സുവി. സാം വില്ല്യം, പാസ്റ്റർ വി.എം. ഏബ്രഹാം തുടങ്ങിയവർ വേദിയിൽ*

2012 ഒക്ടോബർ 2-ാം തീയതി മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് എഫ്.സി.എം.എഫിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാർ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം പ്രാർത്ഥിച്ച് ആരംഭിച്ചു. പാസ്റ്റർ ഡി. ജോൺ, പാസ്റ്റർ വിനോദ് കെ. എന്നിവർ ആശംസകളറിയിച്ചു. പാസ്റ്റർ എബി ജോർജ്ജ്, പാസ്റ്റർ ബോബി പി. ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. എഫ്.സി.എം.എഫ്. കേരളാ റീജൻ പ്രസിഡന്റ് സുവി. സാം വില്ല്യം സെമിനാറിന് നേതൃത്വം നൽകി.

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 28 - ഡിസംബർ 2 വരെ

**തിരുവല്ല:** കേരളത്തിലെ പെന്തക്കൊസ്ത് സഭകളുടെ ജനറൽ കൺവൻഷനുകളുടെ തുടക്കം കൺവൻഷൻ നവംബർ 28 മുതൽ ഡിസംബർ 2 വരെ തിരുവല്ല ശാരോൻ സ്റ്റേഡിയത്തിൽ നടക്കും. സഭാ പ്രസിഡന്റ് ഡോ.റ്റി.ജി. കോശി ഉദ്ഘാടനം ചെയ്യും. ഡോ. ഡേവിഡ് പ്രകാശ് മുഖ്യ പ്രസംഗം നടത്തും. ഡോ. റ്റി.പി. ഏബ്രഹാം, ഡോ. ബി. വർഗ്ഗീസ് തുടങ്ങിയവർ പ്രസംഗിക്കും.

വ്യാഴാഴ്ച ശുശ്രൂഷക സമ്മേളനവും വെള്ളിയാഴ്ച പൊതുയോഗവും ശനിയാഴ്ച സ്റ്റേഡിയത്തിൽ സണ്ടേസ്കൂൾ, സി.ഇ.എം. സമ്മേളനവും ഓഡിറ്റോറിയത്തിൽ വനിതാ സമ്മേളനവും നടക്കും.

പാസ്റ്റർമാരായ തോമസ് യോഹന്നാൻ, ജോർജ്ജ് തോമസ് (ട്രഷറാർ), എം.ജെ. ജോൺ, എ.വി. തോമസ്, എം.എം. ജോൺ (ഭക്ഷണം), കുര്യൻ മാത്യു ചാത്തങ്കേരി (പബ്ലിസിറ്റി), എം.എ. വർഗ്ഗീസ്, സോവി മാത്യു (ക്വയർ), ജേക്കബ് ജോർജ്ജ് (താമസം), ജോസഫ് സഖറിയ, റ്റി. പാപ്പച്ചൻ (വോളന്റിയേഴ്സ്), സി.വി. ജോൺ, ബോസ് എം. കുരുവിള (അറേജുമെന്റ്സ്), ബ്രദർ കെ.കെ. തോമസ് (ഫിനാൻസ്) എന്നിവരടങ്ങിയ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

കൺവൻഷന്റെ അനുഗ്രഹത്തിനുവേണ്ടി കേരളത്തിലെ എല്ലാ ലോക്കൽ സഭാ കേന്ദ്രീകരിച്ചും, സെക്ഷൻ, സെന്റർ തലത്തിലും പ്രത്യേക പ്രാർത്ഥനകൾ നടന്നുവരുന്നു.

## പ്രാർത്ഥനയുടെ 50 ദിനം പ്രഥമ സമ്മേളനം അടൂരിൽ

**കോട്ടയം:** ഹൈദ്രബാദ് കേന്ദ്രമാക്കിയുള്ള നാഷണൽ പ്രയർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ ആത്മിക ഉണർവ്വു ലക്ഷ്യമാക്കി നവംബർ 17 മുതൽ ജനുവരി 5 വരെ പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരിക്കുന്നു. *പ്രാർത്ഥനയുടെ 50 ദിനം* എന്ന പ്രാർത്ഥനാശൃംഖലയുടെ പ്രഥമ സമ്മേളനം നവംബർ 17ന് രാവിലെ ഒൻപത് മുതൽ രണ്ടു വരെ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ വച്ച് നടക്കും. നാഷണൽ പ്രയർ മൂവ്മെന്റ് ചെയർമാൻ സുവി. കെ.വി. പോൾ മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. ഡോ.റ്റി.ജി. കോശി, പാസ്റ്റർമാരായ പി.ജി. മാത്യൂസ്, കെ.ജെ. മാത്യു, മേജർ വി.ഐ. ലൂക്ക് തുടങ്ങിയവർ സംബന്ധിക്കും. കേരളത്തിലെ എല്ലാ ജില്ലകളിലും 50 ദിവസവും പ്രാർത്ഥനാ യോഗങ്ങൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഷാജി കുര്യനുമായി 09446125936 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## വിക്ലീഫ് ലോക പ്രാർത്ഥനാദിനം നവംബർ 11ന്

ലോകമെമ്പാടുമുള്ള വിക്ലീഫ് ബൈബിൾ പരിഭാഷകർ നവംബർ 11ന് ലോക പ്രാർത്ഥനാദിനമായി വേർതിരിച്ചിരിക്കുന്നു. അന്നേദിവസം ഇനിയും ബൈബിൾ ലഭ്യമല്ലാത്ത ലോകത്തെ രണ്ടായിരത്തിനാല്പതിലധികം ഭാഷകളിൽ പരിഭാഷ പ്രവർത്തനങ്ങൾക്കായി യുവജനങ്ങളും സഭകളും മുന്നോട്ട് വരുവാൻ പ്രാർത്ഥിക്കുന്നു. വിക്ലീഫ് ഇന്ത്യയുടെ നേതൃത്വത്തിലും അന്നേദിവസം പ്രാർത്ഥനായോഗങ്ങൾ നടക്കും. ഇനിയും അവശേഷിക്കുന്ന 110 ഇന്ത്യൻ ഭാഷകളിൽ ദൈവവചനം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളെ ഓർത്ത് പ്രത്യേക പ്രാർത്ഥന സംഘടിപ്പിക്കും. 2025-ഓടെ ദൈവവചനം എത്തിയിട്ടില്ലാത്ത എല്ലാ ഭാഷകളിലേക്കും ബൈബിൾ പരിഭാഷപ്പെടുത്തുവാൻ ഉള്ള ശ്രമത്തിലാണ് വിക്ലീഫ് പ്രവർത്തകർ.



*വില്യം കാമറുൺ ടൗൺസെന്റ്*

സൗത്ത് അമേരിക്കയിലെ ഗ്വാട്ടിമാലയിൽ സ്പാനിഷ് ബൈബിളിന്റെ വില്പനയ്ക്കായി എത്തിയതായിരുന്നു വില്യം കാമറുൺ ടൗൺസെന്റ് (William Cameron Townsend) എന്ന പതിനേഴുകാരൻ. ഗ്വാട്ടിമാലയിൽ ഔദ്യോഗിക ഭാഷയായ സ്പാനിഷ് അവിടുത്തെ ജനങ്ങളിൽ ഭൂരിപക്ഷം പേർക്കും മനസിലായിരുന്നില്ല. ഇത് ടൗൺസെന്റിനെ അത്ഭുതപ്പെടുത്തി. അവർ സംസാരിച്ചത് ലിപിയില്ലാതിരുന്ന ക്വാക്കിക്വൽ (Cakchiquel) ഭാഷ ആയിരുന്നു. ഒരിക്കൽ ‘നിങ്ങളുടെ ദൈവം മഹാനാണെങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നില്ല’ എന്ന ക്വാക്കിയൻ ആദിവാസി ഗോത്രത്തിലെ ഒരു വയോധികന്റെ ചോദ്യം ടൗൺസെന്റിനെ ഞെട്ടിച്ചു. ഈ ചോദ്യമാണ് ക്വാക്കിക്വൽ ഭാഷ സംസാരിക്കുന്ന സമൂഹത്തോട് ടൗൺസെന്റിനെ അടുപ്പിച്ചത്, അവരോടൊപ്പം താമസിച്ച് അവരിലൊരാളായി അദ്ദേഹം ക്വാക്കിക്വൽ ഭാഷ പഠിക്കുവാനാരംഭിച്ചു. വളരെ സങ്കീർണ്ണമായ ഈ ഭാഷയ്ക്ക് ഏറെ നാളത്തെ കഠിന പരിശ്രമത്തിന് ശേഷം ലിപിയും വ്യാകരണവും കണ്ടെത്തി. ചുരുങ്ങിയ പത്തുവർഷത്തിനുള്ളിൽ അവരുടെ ഹൃദയ ഭാഷയിൽ പുതിയ നിയമം പ്രസിദ്ധീകരിച്ചു.

അങ്കിൾ കാം എന്നറിയപ്പെടുന്ന ടൗൺസെന്റിന് വേദപുസ്തകം മാതൃഭാഷയിൽ ലഭ്യമാകാത്ത ലോകത്തിലെ ന്യൂനപക്ഷ ഭാഷാസമൂഹങ്ങളെക്കുറിച്ച് ആത്മഭാരം ഇക്കാലത്തുണ്ടായി. അങ്ങനെ 1934ൽ അമേരിക്കയിലെ ആർക്കനാലിസ് വിക്ലീഫ് ക്യാമ്പിന് ആരംഭം കുറിച്ചു. ആംഗലേയ ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്ത ജോൺ വിക്ലീഫിന്റെ പേരിലാണ് ക്യാമ്പ് അറിയപ്പെട്ടത്. യുവതി യുവാക്കളെ അടിസ്ഥാന ഭാഷാശാസ്ത്രവും പരിഭാഷാരീതികളും പരിശീലിപ്പിക്കുകയായിരുന്നു ഈ ക്യാമ്പിന്റെ ലക്ഷ്യം. ആദ്യ ബാച്ചിൽ രണ്ടുപേരും അടുത്ത വർഷം അഞ്ചുപേരും പഠിക്കുവാനെത്തി. പരിശീലനത്തിനുശേഷം അങ്കിൾ കാം ഇവരെ മെക്സിക്കോയിലേക്ക് ബൈബിൾ പരിഭാഷാപ്രവർത്തനത്തിനായി അയച്ചു. ഈ എളിയ പ്രവർത്തനത്തിൽ നിന്നാണ് വിക്ലീഫ് പരിഭാഷ പ്രവർത്തനങ്ങൾ ലോകവ്യപകമായി പന്തലിച്ചത്. ന്യൂനപക്ഷ ഭാഷ സമൂഹത്തിലേക്ക് യുവതിയുവാക്കളെ പരിശീലിപ്പിച്ച് അയച്ചത് കാരണം ഈ ഭാഷകൾ പ്രാദേശിക സഭകളിൽ ഉപയോഗിക്കത്തക്കവണ്ണം പരിഭാഷപ്പെടുത്തുകയും ചെയ്തു. ടൗൺസെന്റ് ഏതെങ്കിലും ഭാഷാസമൂഹത്തെ ചെറുതോ അപ്രധാനമെന്നോ

(ശേഷം രണ്ടാം പേജിൽ)

## ധനസഹായം നൽകി

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സൺഡേ സ്കൂൾ സമാജത്തിന്റെ ആഭിമുഖ്യത്തിൽ പന്തളം കുരമ്പാലയിൽ പ്രവർത്തിക്കുന്ന ആശ്രയ ശിശുഭവൻ സന്ദർശിച്ച് ധനസഹായം നൽകി. അന്തേവാസികളായ കുട്ടികൾക്ക് ആഹാര സാധനങ്ങൾ, റെയിൻ കോട്ട് തുടങ്ങിയവയും നൽകി. സൺഡേ സ്കൂൾ അസോസിയേഷന്റെ ധനസഹായവും കൈമാറി. കേരളാ റീജൻ സൺഡേ സ്കൂൾ സമാജം പ്രസിഡന്റ് പാസ്റ്റർ എബി ജോർജ്ജ്, സെക്രട്ടറി സുവി. ബേബി ജോസഫ്, ട്രഷറാർ ബ്രദർ സാമുവൽ തുടങ്ങിയവർ പ്രവർത്തനത്തിന് നേതൃത്വം നൽകി.



*സൺഡേ സ്കൂളിന്റെ ധനസഹായം സൺഡേ സ്കൂൾ കേരളാ റീജൻ പ്രസിഡന്റ് പാസ്റ്റർ എബി ജോർജ്ജ് പന്തളം കുരമ്പാലയിൽ പ്രവർത്തിക്കുന്ന ആശ്രയ ശിശുഭവൻ പ്രവർത്തകർക്ക് കൈമാറുന്നു*

പത്രാധിപ ലേഖനം.......

# ആന്തരിക സംഘർഷം



മനുഷ്യൻ ഒരു വിചിത്ര ജീവിയാണ് എന്ന് പലപ്പോഴും തോന്നാറുണ്ട്. കാരണം സങ്കീർണ്ണമായ സ്വഭാവം ആണ് മനുഷ്യന്റെത്. നന്മയും തിന്മയും കൂടിക്കലർന്ന ഒരു പ്രകൃതം. യാക്കോബ് അപ്പൊസ്തലൻ ലേഖനത്തിൽ ചോദിക്കുന്നു, ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടുവരുമോ? (3:12). മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെടുവിക്കുന്ന ഉറവയായി മനുഷ്യനെ കാണാൻ സാധിക്കുന്നു.

നിഷ്കളങ്ക സ്വഭാവം ഉള്ള ദൈവപൈതലായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. എന്നാൽ, ദൈവത്തോട് അനുസരണക്കേട് കാട്ടിയത് മുതൽ പാപസ്വഭാവം മനുഷ്യനിൽ പ്രവേശിച്ചു. അന്യോന്യമുള്ള പഴിചാരലും അസഹിഷ്ണുതയും അസൂയയും പകയും മനുഷ്യമനസ്സുകളിൽ കുടികൊള്ളാൻ തുടങ്ങി. ആദം ഹൗവ്വയെ കുറ്റപ്പെടുത്തുന്നത്, ഹാബേലിനെ കായീൻ വധിക്കുന്നത് തുടങ്ങിയ സംഭവങ്ങൾ നടക്കുന്നത് പാപം മനുഷ്യനിൽ കടന്നതുകൊണ്ടാണ്. മിക്ക വേദപുസ്തക വ്യക്തികൾക്കും പല ശീലങ്ങളോടൊപ്പം ന്യൂനതകളും ഉണ്ടായിരുന്നത് ആദാമ്യ പാപത്തിന്റെ ഫലമാണ്.

ഈ ആദാമ്യ പാപം തന്നെയാണ് പലപ്പോഴും നല്ല പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും നമ്മെ തടയുന്നത്. നന്മ ചെയ്യുവാൻ ഉള്ള നമ്മുടെ ആഗ്രഹത്തെ തടുത്ത് തിന്മ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നത് പാപത്തിന്റെ അടിസ്ഥാന സ്വഭാവസവിശേഷതയാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "ഞാനോ ജഡമയൻ, പാപത്തിനു ദാസനായി വിൽക്കപ്പെട്ടവൻ തന്നെ. ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകയ്ക്കുന്നതിനെ അത്രെ ചെയ്യുന്നത്. ഞാൻ ഇച്ഛിക്കാത്തത് ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലത് എന്ന് ഞാൻ സമ്മതിക്കുന്നു. ആകയാൽ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്‌വാൻ ഉള്ള താൽപര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാൻ അല്ല എന്നിൽ വസിക്കുന്ന പാപമത്രെ. അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അത് എന്റെ അവയവങ്ങളിൽ ഉള്ള പാപപ്രമാണത്തിനു എന്നെ ബദ്ധനാക്കിക്കളയുന്നു" (റോമർ 7:14-23). നോക്കുക, മനുഷ്യന്റെ ധർമ്മസങ്കടം പൗലൊസ് എത്ര വ്യക്തമായി വരച്ചുകാട്ടുന്നു. ഇതിനോട് ചേർത്തുവായിക്കുന്ന മറ്റൊരു വേദഭാഗമാണ് ഉല്പത്തി 4:7-ന്റെ രണ്ടാം പകുതി: "നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു".

നാം ഈ ലോകത്തിൽ ജഡമയമായ ശരീരത്തിൽ വസിക്കുമ്പോൾ നമ്മുടെ തിന്മപ്രകൃതങ്ങൾ തല പൊക്കികൊണ്ടേയിരിക്കും; എന്നാൽ, അവ നമ്മെ ബന്ധനത്തിൽ ആക്കാതെയിരിപ്പാൻ നാം നൈരന്തര്യമായ ആത്മീയ യുദ്ധം തന്നെ ചെയ്യണം. മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്ന അനുഭവം നമുക്ക് നിത്യേന ഉണ്ടായിരിക്കേണം. നാം ആദ്യം ചിന്തിച്ച വേദഭാഗം തുടരുന്നത് ഇങ്ങനെയാണ്. "അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?" (റോമർ 7:24). എന്നാൽ, മുമ്പോട്ടുള്ള വേദഭാഗങ്ങളിൽ യേശുക്രിസ്തു മുഖാന്തിരമുള്ള ദൈവകൃപ നമ്മെ എങ്ങനെ സഹായിക്കുന്നു എന്ന് പൗലൊസ് വ്യക്തമാക്കുന്നു. യിസ്രായേൽ മക്കളുടെ മരുഭൂപ്രയാണത്തിൽ മാറായിലെ കൈപ്പുള്ള വെള്ളത്തിനെ ദൈവം കാണിച്ചുകൊടുത്ത വൃക്ഷം കൊണ്ട് മധുരതരമാക്കി മാറ്റിയത് നമുക്ക് അറിയാമല്ലോ; അതുപോലെ തന്നെ പാപത്തിന്റെ വിഷമയമായ പ്രഭാവത്തെ ഇല്ലാതാക്കി ജീവിതത്തിൽ നന്മ വാഴുവാൻ ദൈവകൃപ നമ്മെ സഹായിക്കും.

ആത്മീയ മനുഷ്യൻ ജയം പ്രാപിക്കുമ്പോൾ ജഡിക മനുഷ്യൻ തോൽക്കുന്നു. ആത്മീയതയ്ക്ക് ഉണർവ്വ് സംഭവിക്കുമ്പോൾ ജഡികം പരാജയപ്പെടുന്നു. ആത്മീയതയ്ക്ക് ക്ഷതം സംഭവിക്കുമ്പോൾ ജഡികം വിജയിക്കുന്നു. അപ്പോൾ മനുഷ്യൻ പാപിയായി മാറുന്നു. അതോടൊപ്പം ലോകത്തിന്, പിശാചിന് അവൻ അടിമയായി മാറുന്നു. ദൈവികം അവനിൽ ഇല്ലാതെയായി തീരുന്നു.

119-ാം സങ്കീർത്തനം 35 മുതലുള്ള വാക്യങ്ങളിൽ സങ്കീർത്തനക്കാരന്റെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. "നിന്റെ കല്പനകളുടെ പാതയിൽ എന്നെ നടത്തേണമേ; ഞാൻ അതിൽ ഇഷ്ടപ്പെടുന്നുവല്ലോ". വ്യവസ്ഥകൾ പാലിക്കപ്പെടുമ്പോൾ കാര്യങ്ങൾ ഭംഗിയായി മുന്നേറുന്നു. വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ പരാജയങ്ങളെ നേരിടേണ്ടിവരുന്നു. ദൈവിക പ്രമാണം ഉള്ളിൽ കാത്തുസൂക്ഷിച്ചാൽ ആത്മീയതയ്ക്ക് ഉണർവ്വ് സംഭവിക്കും.

"യഹോവേ, എഴുന്നേൽക്കേണമേ, മർത്യൻ പ്രബലനാകരുതേ" എന്ന് സങ്കീർത്തനം 9ന്റെ 19ൽ ദാവീദ് പ്രാർത്ഥിക്കുന്നു. നമ്മുടെ ഉള്ളിലെ ജഡമയനായ മർത്യൻ പ്രബലനായി നമ്മുടെ ഉള്ളിലെ ആത്മീയ മനുഷ്യനെ തോല്പ്പിക്കരുതേ എന്ന് നമുക്ക് നിരന്തരം പ്രാർത്ഥിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## വിവാഹിതരായി




**പഴകുളം:** ഫെയ്ത്ത് ഫെലോഷിപ്പ് പഴകുളം സഭാംഗവും തെങ്ങുംവിളയിൽ ബ്രദർ റ്റി.ജി. ബാബുവിന്റെയും മിസിസ്സ് മേരിക്കുട്ടി ബാബുവിന്റെയും മകളുമായ സിസ്റ്റർ ഷൈനി ബാബുവും പുനലൂർ ഇളമ്പൽ മൈലാടുംപാറയിൽ വൈ. ജോർജ്ജിന്റെയും എൽസി ജോർജ്ജിന്റെയും മകൻ പോൾ ജോർജ്ജും തമ്മിലുള്ള വിശുദ്ധ വിവാഹം ഒക്ടോബർ 25ന് ഇളമ്പൽ ദി പെന്തക്കൊസ്ത് മിഷൻ സഭയുടെ നേതൃത്വത്തിൽ നടന്നു.

## വിക്ലീഫ് ലോക പ്രാർത്ഥനാദിനം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ചിന്തിക്കാതെ ആ സമൂഹത്തിൽ ആകമാന പുരോഗതിക്കുവേണ്ടി അവർക്കിടയിൽ ജീവിച്ച് പ്രവർത്തിക്കാൻ ആളുകളെ അയച്ചു. ഒരിക്കൽ അങ്കിൾ കാം ബില്ലിഗ്രഹാമിനെ വേദപുസ്തക പരിഭാഷാ പ്രവർത്തനത്തിലേക്ക് ക്ഷണിച്ചിരുന്നു. 1,34,000 പേർ പങ്കെടുത്ത ലോസ് അഞ്ചലോസ് ക്രൂസേഡിൽ പ്രസംഗിച്ചശേഷം വിശ്രമിക്കുകയായിരുന്ന ബില്ലി ഗ്രഹാമിനെ പ്രസംഗ ശുശ്രൂഷ അവസാനിപ്പിച്ച് അതിലും ശ്രേഷ്ഠമായ ബൈബിൾ പരിഭാഷ പ്രവർത്തനത്തിലേക്ക് കടന്നുവരുവാൻ അങ്കിൾ കാം നിർബന്ധിച്ചിരുന്നു. അല്ലയോ സുഹൃത്തെ, ബൈബിൾ ഇല്ലാത്ത അമേരിക്കയെ സങ്കല്പിക്കാനാവുമോ? ഭരണഘടനയിലും സാഹിത്യ-സാംസ്കാരിക രംഗത്തും അമേരിക്കയെ ഉയർത്തിയ ബൈബിളിന്റെ സ്വാധീനം എത്രയോ വലുതാണ്. അദ്ദേഹത്തിന്റെ തീക്ഷ്ണത നിറഞ്ഞ വാക്കുകൾ ബില്ലി ഗ്രഹാം തന്റെ ലേഖനത്തിൽ എഴുതിയിരുന്നു. ആദ്യകാല പ്രവർത്തനങ്ങളുടെ പിന്തുടർച്ചയായി വിവിധ ഭാഷാ സമൂഹങ്ങളിൽ ആയിരക്കണക്കിനു പ്രവർത്തകർ ഇന്നു ലോകത്തിന്റെ പലഭാഗങ്ങളിലും സേവനം ചെയ്യുന്നു. വിക്ലീഫിന്റെ അക്കാദമിക് വിഭാഗമായ *സമ്മർ ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് ലിംഗ്വിസ്റ്റ്* ഭാഷ വികസനത്തിനു ചെയ്തുവരുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. 1980ലും അങ്കിൾ കാമിന്റെ ജീവിതകാലത്തുതന്നെ ഇന്ത്യയിലും വിക്ലീഫിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. കഴിഞ്ഞ 32 വർഷങ്ങളായി ജേക്കബ് ജോർജ്ജിന്റെ നേതൃത്വത്തിൽ വിക്ലീഫ് പ്രവർത്തനങ്ങൾ ഇന്ത്യയിൽ നടന്നുവരുന്നു. വിക്ലീഫ് ഇന്ത്യയുടെ സി.ഇ.ഒ. ആയി അലക്സ് മാത്യു പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഓർത്തും ദൈവമക്കൾ പ്രാർത്ഥിക്കുക.

## മാധ്യമവും സുവിശേഷീകരണവും

(നാലാം പേജിൽ നിന്ന് തുടർച്ച)

ഇന്ന് സുവിശേഷത്തിന്റെ അനേകം തെറ്റായ ഭാഷാന്തരങ്ങൾ പ്രസംഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പുതിയനിയമ കാലത്തും ഇപ്രകാരം തന്നെ സംഭവിച്ചിരുന്നു. നാം യഥാർത്ഥ സുവിശേഷം അറിയാവുന്നവരെങ്കിൽ കപടസുവിശേഷികളെ വിവേചിക്കുവാൻ നമുക്ക് സാധിക്കും. തെറ്റായ സുവിശേഷങ്ങൾ വിശ്വസിച്ചതുകൊണ്ട് ഒരു വ്യക്തിയ്ക്ക് രക്ഷിയ്ക്കപ്പെടുവാൻ കഴിയില്ല (യോഹന്നാൻ 8:31,32; ഫിലിപ്പ്യർ 1:15-18).

കപടസുവിശേഷം തിരുവചനവുമായി പൊരുത്തപ്പെടുന്നില്ല. വേദപുസ്തകത്തിന്റെ വ്യക്തമായ ഉപദേശങ്ങൾക്ക് വിരുദ്ധവും ചേർച്ചയില്ലാത്തതുമായ ഏതു സുവിശേഷവും കപടമാണ്.

*(തുടരും...)*

**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും അഭിവൃദ്ധിയും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

സുവിശേഷത്തിന്റെ വ്യാപ്തിക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച അപ്പൊസ്തലനായിരുന്നു പൌലൊസ്. പാരമ്പര്യവും പഠനവും നൽകിയ മതബോധത്തിന്റെ എരിവ് പൂണ്ട ഒരു തീവ്ര യെഹൂദനായി ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ മഹാപുരോഹിതന്റെ അധികാര പത്രവും കൈക്കലാക്കി ദമസ്കോസിലേക്ക് പ്രയാണം ചെയ്യുമ്പോൾ കർത്താവ് തന്നെ പിടിച്ചു. യെരുശലേമിലെ വിശുദ്ധന്മാരിൽ പലരെയും തടവിൽ അടച്ചും അനേകരെ നിഗ്രഹിച്ചപ്പോൾ സമ്മതം കൊടുത്തും പലപ്പോഴും പള്ളികളിൽ എത്തി ദണ്ഡിപ്പിച്ചും ജൈത്രയാത്ര തുടർന്ന പൌലൊസ് ദമസ്കോസിന്റെ പടിവാതിൽക്കൽ വച്ച് ക്രിസ്തുദർശനം പ്രാപിച്ചതിനുശേഷം സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ആദ്യം ദമസ്കോസിലും യെരുശലേമിലും യെഹൂദ്യ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യണമെന്ന് പ്രസംഗിച്ചു. പ്രാണൻ അപകടത്തിലായ അനേകം അവസരങ്ങൾ വന്നിട്ടും പതറാതെ ചെറിയവരോടും വലിയവരോടും സാക്ഷ്യം പറഞ്ഞുപോന്നു.

പരിശുദ്ധാത്മാവിന്റെ അവരോഹണത്തോട് കൂടെ ലഭ്യമാകുന്ന അത്യന്തശക്തി പ്രാപിച്ച് യെരുശലേമിൽ തുടങ്ങി ഭൂമിയുടെ അറ്റത്തോളവും സുവിശേഷത്തിന്റെ സാക്ഷിയാകുവാൻ യേശു തന്റെ ശിഷ്യഗണത്തോട് പറഞ്ഞിരുന്നു. സകല ജാതികളേയും ശിഷ്യരാക്കേണ്ടതിന് യേശു അയച്ച പന്തിരുവരിൽ ഒരാളായിരുന്നില്ല പൌലൊസ് എങ്കിലും ആ നിയോഗത്തിന്റെ സഫലതയ്ക്കുവേണ്ടി തീവ്രമായി അദ്ധ്വാനിച്ച ശ്രേഷ്ഠ അപ്പൊസ്തലനായിരുന്നു പൌലൊസ്. സ്വയം ത്യജിക്കാനും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ജീവിക്കാനും ആഗ്രഹിക്കുന്ന ഏതൊരു സുവിശേഷകനും മാതൃകയായി തന്റെ ജീവിതം നിലകൊള്ളുന്നു. സുവിശേഷം നിമിത്തം അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിലാണ് പൌലൊസ് സംതൃപ്തി കണ്ടെത്തിയത്.

സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ മിഷനറി വര്യൻ തന്റെ ദൗത്യനിർവ്വഹണത്തിനുവേണ്ടി അനുഭവിക്കേണ്ടിവന്ന കഷ്ടതകൾ വിവരണാതീതമാണ്. ക്രിസ്തു നൽകിയ നിയോഗത്തിന്റെ (Make Disciple) പൂർത്തീകരണം തന്റെ ദൗത്യമായി മാറിയപ്പോൾ ജന്മം കൊണ്ടും അദ്ധ്വാനം കൊണ്ടും താൻ നേടിയെടുത്തതും ശ്രേഷ്ഠം എന്ന് ഒരു സമയം വരെ താൻ ചിന്തിച്ചിരുന്നതും ഏതൊരു യെഹൂദനും ആഗ്രഹിക്കുന്ന ഉന്നതപദവികൾ ചപ്പും ചവറും എന്നെണ്ണി താൻ പുറപ്പെട്ടു. പട്ടണങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്കും സുവിശേഷവുമായി ഓടി നടന്നു. ക്രിസ്തു യേശു സ്വയം ശൂന്യമാക്കി (Kenosis) മനുഷ്യനായി അവതരിച്ചതുപോലെ തന്റെ സുരക്ഷിത മേഖലകൾ (Comfort Zone) വിട്ട് പൌലൊസ് ജനങ്ങളിലേക്ക് കടന്നുചെന്നു.

സുവിശേഷ ഘോഷണാർത്ഥം ഫിലിപ്പ്യയിൽ എത്തിച്ചേർന്ന പൌലൊസിനും ശീലാസിനും നേരിടേണ്ടിവന്ന കഷ്ടപ്പാടുകൾ വളരെയായിരുന്നു (അപ്പൊ. പ്രവ. 16:11-40). വെളിച്ചപ്പാടത്തി, പുരുഷാരം, അധിപതികൾ തുടങ്ങി തങ്ങളെ എതിർത്തവർ അനവധിയായിരുന്നു. വളരെ അടിപ്പിച്ച് കാരാഗൃഹത്തിലാക്കിയെങ്കിലും ദൈവം അത്ഭുതകരമായി വിടുവിച്ചു. ഫിലിപ്പ്യയിൽ നേരിടേണ്ടിവന്ന സകല പ്രതികൂലങ്ങളേയും സുവിശേഷത്തിന്റെ അഭിവൃദ്ധി എന്ന കണ്ണാടിയിലൂടെ നോക്കി കാണുവാനാണ് പൌലൊസ് ശ്രമിച്ചത്. സുവിശേഷം നിമിത്തം താൻ അനുഭവിച്ച കഷ്ടപ്പാടുകൾ പൊടിപ്പും തൊങ്ങലും വച്ച് വികാരപരമായി വിവരിച്ച് സഹതാപതരംഗം സൃഷ്ടിച്ച്, ഉലകം ചുറ്റി സ്വയം അഭിവൃദ്ധി ഉണ്ടാക്കുകയല്ല മറിച്ച് തനിക്ക് ഭവിച്ചതും ഭവിക്കുന്നതുമായ സകലത്തിലൂടെയും സുവിശേഷത്തിന് അഭിവൃദ്ധി ഉണ്ടാകണം എന്നായിരുന്നു തന്റെ ചിന്ത.

> *സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പോകുവാനും, പോകുവാൻ മനസ്സുള്ളവരെ അയക്കുവാനും അയക്കുന്നവരെ സഹായിക്കുവാനും നാം തയ്യാറാകണം. സുവിശേഷത്തിന്റെ അഭിവൃദ്ധി ദൈവരാജ്യത്തിന്റെ അഭിവൃദ്ധിയാണ്. അത് ഓരോ വിശ്വാസിയുടെയും കടമയാണ്*

സഹോദരന്മാരേ എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായിതീർന്നു എന്നതാണ് തന്റെ ആത്മഗതം (ഫിലിപ്പ്യർ 1:12).

സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുന്ന സുവിശേഷകരെയാണ് ദൈവവേലക്ക് ആവശ്യം. 'Report' ഉണ്ടാക്കുവാൻ വേണ്ടി എന്തെങ്കിലും കാട്ടിക്കൂട്ടുന്നതല്ല സുവിശേഷവേല. 'Make Report' എന്നല്ല 'Make Disciples' എന്നാണല്ലോ കർത്താവിന്റെ മഹാനിയോഗം. എങ്ങനെയും റിപ്പോർട്ട് ഉണ്ടാക്കി സപ്പോർട്ട് ഒപ്പിക്കുന്നതല്ല പൌലൊസിനെപ്പോലെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ധ്വാനിക്കുന്നതാണ് സുവിശേഷകന്റെ ദൗത്യം.

ഭാരതത്തിന്റെ സിംഹഭാഗങ്ങളിലും സുവിശേഷം വേണ്ടവിധത്തിൽ വ്യാപിക്കപ്പെട്ടിട്ടില്ല എന്നത് ഒരു നഗ്ന സത്യമായി നിലകൊള്ളുന്നു. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പോകുവാനും, പോകുവാൻ മനസ്സുള്ളവരെ അയക്കുവാനും അയക്കുന്നവരെ സഹായിക്കുവാനും നാം തയ്യാറാകണം. സുവിശേഷത്തിന്റെ അഭിവൃദ്ധി ദൈവരാജ്യത്തിന്റെ അഭിവൃദ്ധിയാണ്. അത് ഓരോ വിശ്വാസിയുടെയും കടമയാണ്. സുവിശേഷത്തിന്റെ അഭിവൃദ്ധി എന്ന ലക്ഷ്യം മറക്കാതായിരിക്കണം നമ്മുടെ സകല പ്രവർത്തന പദ്ധതികളും. നമ്മുടെ സമൃദ്ധി സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് ഉതകണം.

സുവിശേഷത്തിന്റെ അഭിവൃദ്ധി എന്ന് ചിന്തിക്കുന്നതിനേക്കാൾ അഭിവൃദ്ധിയുടെ സുവിശേഷം എന്ന് ചിന്തിക്കുവാനും അത് പ്രസംഗിക്കുന്നത് കേൾക്കുവാനുമാണ് എല്ലാവർക്കും താൽപര്യം. അഭിവൃദ്ധിയുടെ സുവിശേഷത്തേക്കുറിച്ച് പറഞ്ഞ് ജനത്തെ മൂഢ സ്വർഗ്ഗത്തിലാക്കാതെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ജനത്തെ ഉത്സാഹിപ്പിക്കുന്ന സുവിശേഷാത്മാവുള്ള സുവിശേഷ പ്രസംഗകരും നേതൃത്വവും ദൈവസഭയുടെ അടിയന്തര ആവശ്യമാണ്. സമൃദ്ധിയുടെ സുവിശേഷത്തേക്കുറിച്ച് (Prosperity Theology) ഓടി നടന്ന് പ്രസംഗിക്കുന്നതുകൊണ്ട് പ്രസംഗകന് സമൃദ്ധി ഉണ്ടാകുന്നു എന്നതൊഴിച്ചാൽ മറ്റ് വല്ല പ്രയോജനവും ഉണ്ടോ? സുവിശേഷം നിമിത്തം സമൃദ്ധി പ്രാപിച്ച സാക്ഷികളുടെ വലിയൊരു സമൂഹം നമുക്ക് ചുറ്റും ഉണ്ട്. എന്നാൽ, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ധ്വാനിക്കുന്നവരെ ആര് കണ്ടെത്തും. സുവിശേഷം നിമിത്തം നമുക്ക് അഭിവൃദ്ധി ഉണ്ടാകുന്നതിനേക്കാൾ പ്രധാനം നമുക്കുള്ളതുകൊണ്ട് സുവിശേഷത്തിന് അഭിവൃദ്ധി ഉണ്ടാകുന്നതല്ലേ. എനിക്കുള്ളതും എനിക്ക് ലഭിക്കുന്നതും സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് ഉതകണം എന്ന് നമുക്ക് എല്ലാവർക്കും ആശംസിക്കാം.

ഭാവന

# എറ്റേണൽ ലൈഫ് ഇൻഷുറൻസ് കമ്പനി

നേരം പതിവുപോലെ വെളുത്തു. പ്രഭാത കാര്യങ്ങൾ കഴിഞ്ഞ് പ്രകാശൻ എന്ന യുവാവ് ഊണുമേശയിലിരുന്നു. ഭാര്യ നല്കിയ ഇഡ്ഢലിയും സാമ്പാറും വേഗത്തിൽ കഴിച്ചു. ക്ലോക്കിൽ നോക്കിയപ്പോൾ സമയം 9 കഴിഞ്ഞു. ജോലിയ്ക്ക് പോകുവാൻ ബാഗും എടുത്ത് വീട്ടിൽ നിന്നും പുറത്തേക്കിറങ്ങിയ സമയം ഒരു മധ്യവയസ്കൻ അതാ വീട്ടിലേക്ക് കയറി വരുന്നു. കറുത്ത പാന്റും വെളുത്ത ഷർട്ടും കയ്യിൽ ഒരു ഡയറിയും കുറച്ചു പേപ്പറുകളും ഉണ്ടായിരുന്നു. ക്ലീൻ ഷേവ് ചെയ്ത മുഖം- നിറഞ്ഞ പുഞ്ചിരിയോടെ പ്രകാശനോട് ഗുഡ് മോണിങ്ങ്, സാർ എന്നു പറഞ്ഞപ്പോൾ പ്രകാശനും പറഞ്ഞു, ഗുഡ് മോണിങ്ങ്, എന്തു വേണം? നമ്മൾ മുമ്പ് കണ്ടിട്ടില്ലല്ലോ. പുഞ്ചിരിയോടെ നിന്ന അയാൾ അല്പനേരത്തിന് ശേഷം ശാന്ത സ്വരത്തിൽ ഇപ്രകാരം പറഞ്ഞു. എനിക്ക് അങ്ങയോട് കുറച്ച് സംസാരിക്കണം. അയ്യോ ഇപ്പോൾ പറ്റില്ലല്ലോ. താങ്കൾ വൈകിട്ട് അഞ്ചു മണി കഴിഞ്ഞിട്ട് വരു. അപ്പോൾ സംസാരിക്കാം. പ്രകാശൻ തിടുക്കത്തിൽ മറുപടി പറഞ്ഞു. അദ്ദേഹം OK പറഞ്ഞു തിരികെ നടക്കുമ്പോൾ കൈയ്യിൽ നിന്നും ഒരു പേപ്പർ എനിക്ക് തന്നിട്ടുപോയി. അതിന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു. "താങ്കളുടെ ലൈഫ് ഇൻഷുർ ചെയ്തിട്ടുണ്ടോ?"

പ്രകാശന് ഒരു കാര്യം മനസ്സിലായി. ഇയാൾ ഒരു LIC Agent ആണെന്ന്. അദ്ദേഹം ആ പേപ്പർ സിറ്റൗട്ടിലേക്ക് ഇട്ടശേഷം തിടുക്കത്തിൽ ജോലിക്ക് പോയി. ഓഫീസിലെത്തിയ പ്രകാശൻ കസേരയിലിരുന്ന് ചിന്തിക്കാൻ തുടങ്ങി. ഏതു പോളിസി എടുക്കണം. ചെറിയതോ അതോ വലിയതോ? ഏതായാലും ഒരെണ്ണം മക്കൾക്കുവേണ്ടി എടുക്കാം എന്നു തീരുമാനിച്ചു. വൈകിട്ട് ജോലി കഴിഞ്ഞ് വീട്ടിലെത്തിയ പ്രകാശൻ ആ പേപ്പർ തിരഞ്ഞു. എന്നാൽ, ഭാര്യ രാവിലെ അടിച്ചു വാരിയപ്പോൾ ആ പേപ്പറും എടുത്തു കളഞ്ഞിരുന്നു.

പറഞ്ഞതുപോലെ തന്നെ ആ മനുഷ്യൻ 5 മണിക്ക് തന്നെ വന്നു. രണ്ടുപേരും പരസ്പരം കാര്യങ്ങൾ സംസാരിച്ചുതുടങ്ങി. പ്രകാശന്റെ കമന്റ്, ഇപ്പോൾ മണിചെയിനും LICയും എല്ലാം കളിപ്പീരാണ്.

ചായയുമായി വന്ന പ്രകാശന്റെ ഭാര്യ പറഞ്ഞു. കുട്ടികൾ വളർന്നുവരികയല്ലേ. എന്തായാലും ഒരെണ്ണം എടുക്കൂ ചേട്ടാ. സ്നേഹത്തോടെ ഉള്ള വാക്കുകൾക്കു മുമ്പിൽ പ്രകാശൻ ഈ പോളിസി എനിക്ക് വിശ്വസിക്കാമോ? എന്നു ചോദിച്ചു. അതിന് അദ്ദേഹം Yes, വിശ്വസിക്കാം. തന്റെ വിസിറ്റിങ്ങ് കാർഡ് പ്രകാശൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. എനിക്ക് വിസിറ്റിങ്ങ് കാർഡ് ഇല്ല. ഞാൻ എന്നെ തന്നെ പരിചയപ്പെടുത്താം.

ഞാൻ ഒരു പാസ്റ്റർ ആണ്. ഇവിടെ നിന്നും 2 കിലോമീറ്റർ മാറിയുള്ള സഭയിൽ ശുശ്രൂഷ ചെയ്യുന്നു. പ്രകാശൻ ആകാംഷയോടെ നോക്കി. അപ്പോൾ LIC Agent അല്ലേ? തിരിച്ചേ പാസ്റ്റർ പറഞ്ഞു അതേ. പക്ഷേ, ഇവിടെ നശിച്ചുപോകുന്ന കമ്പളിപ്പിക്കുന്ന ഇൻഷുറൻസ് കമ്പനിയുടെ ഏജന്റല്ലെന്നു മാത്രം. ഞാൻ എറ്റേണൽ ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ ഏജന്റാണ്. ഈ ലോകത്തിലെ പോളിസികൾ എല്ലാം നശിച്ചുപോകുന്നതും പുഴു അരിക്കുന്നതും കള്ളന്മാർ കവരുന്നതുമാണ്. എന്നാൽ, ഞാൻ പരിചയപ്പെടുത്തുന്ന ഈ പോളിസി എടുത്താൽ താങ്കളുടെ ജീവിതം ക്രിസ്തുവിൽ സുരക്ഷിതമാകും. വേദപുസ്തകം പഠിപ്പിക്കുന്ന മരണാനന്തരമുള്ള നിത്യതയിൽ പ്രവേശിക്കുവാൻ കഴിയും. അതായത് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കും.

ഈ പോളിസി ആരംഭിച്ചിരിക്കുന്നത് പാപത്തിൽ നശിച്ചു പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനാണ്. ഇതിന് ഒരു പൈസ പോലും താങ്കൾ മുടക്കേണ്ടതില്ല. സൗജന്യമായി ഇതിന്റെ അംഗം ആകാം. ഭാര്യയ്ക്കും മക്കൾക്കും എല്ലാവർക്കും തികച്ചും സൗജന്യമാണ്. പക്ഷേ, ചില നിബന്ധനകൾ ഉണ്ട്. അപ്രകാരം ജീവിതം ക്രമീകരിക്കണമെന്നുമാത്രം. ഈ പോളിസി എല്ലാവരും സൗജന്യമായി നേടുവാൻ വേണ്ടി ഒരാൾ മുന്നമേ വില കൊടുത്തു.

പ്രകാശനും ഭാര്യയും കുട്ടികളും വളരെ ശ്രദ്ധയോടെ കേട്ടു കൊണ്ടിരുന്നു. പാസ്റ്റർ തുടർന്നു ആ വ്യക്തിയാണ് കർത്താവായ യേശുക്രിസ്തു. തന്റെ അവസാന തുള്ളി രക്തം വരെയും മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നും രക്ഷിക്കുവാൻ ക്രൂശിൽ ചിന്തി. ആ യേശുവിനെ വിശ്വസിച്ച് അവൻ പറഞ്ഞിരിക്കുന്ന കല്പനകൾ പ്രമാണിച്ചാൽ യേശു വാഗ്ദാനം ചെയ്ത നിത്യത അങ്ങേയ്ക്കും പ്രാപിക്കാം. ആയതിനാൽ കർത്താവായ യേശുക്രിസ്തു താങ്കളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, ഇന്നും ജീവിക്കുന്നു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറഞ്ഞ്, രക്ഷിക്കപ്പെട്ട് മാനസാന്തരപ്പെട്ട് യേശുക്രിസ്തു കാണിച്ചുതന്ന മാതൃകപ്രകാരം മുഴുകൽ സ്നാനം എടുത്ത് പരിശുദ്ധാഭിഷേകം പ്രാപിച്ച് വേദപുസ്തകം പറയുന്ന സത്യങ്ങൾ അനുസരിച്ച് വിശുദ്ധജീവിതം നയിച്ചാൽ നിങ്ങൾക്കും ആ നിത്യതയിൽ അവകാശം ഉണ്ടാകും.



മിസ്സിസ് മേഴ്സി ബിനു
ന്യൂഡൽഹി

താങ്കളുടെ ഈ പോളിസി മറ്റൊരാൾക്ക് ക്ലെയിം ചെയ്യാൻ കഴിയുകയില്ല. കാരണം അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്ക പ്രതിഫലം പ്രാപിക്കും.

ഇത്രയുമാണ് ഈ പോളിസിയുടെ പ്രത്യേകതകൾ. താങ്കൾക്ക് ഈ പോളിസിയുടെ അംഗം ആകുവാൻ താല്പര്യം ഉണ്ടെങ്കിൽ ഇപ്പോൾ തന്നെ ആകാം. സമയം അധികമില്ല. കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. അതുകൊണ്ട് ഈ എറ്റേണൽ ലൈഫ് ഇൻഷുറൻസ് പോളിസി ഇപ്പോൾ തന്നെ എടുക്കൂ. താങ്കളുടെ നിത്യത ഉറപ്പാക്കൂ.

സന്തോഷത്തോടെ കേട്ടിരുന്ന പ്രകാശനും ഭാര്യയും കുട്ടികളും മുട്ടുകുത്തി യേശുവിനായി ജീവിതം സമർപ്പിച്ചു. പാസ്റ്റർ അവർക്കുവേണ്ടി പ്രാർത്ഥിച്ച് സന്തോഷത്തോടെ അവിടെ നിന്നും യാത്രയായി.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച....)*

# മാധ്യമവും സുവിശേഷീകരണവും

*2012 ആഗസ്റ്റ് 15ന് ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന ഏകദിന സെമിനാറിൽ "മാധ്യമവും സുവിശേഷീകരണവും" എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ ബിനോയി പി. ജോൺ അവതരിപ്പിച്ച പ്രബന്ധം*



**പാസ്റ്റർ ബിനോയി പി. ജോൺ**
**കാൽക്കാജി, ഡൽഹി**

**രക്ഷയുടെ സുവിശേഷത്തിന്റെ യഥാർത്ഥ സന്ദേശം**

എന്താണ് കൃത്യമായ സുവിശേഷം? സന്ദേശത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ ഉള്ളടക്കം എന്താണ്?

സുവിശേഷത്തിന്റെ ആവശ്യമായ സന്ദേശം പ്രസ്താവിക്കുന്ന മറ്റനേക വാക്യങ്ങളുണ്ടെങ്കിലും അതൊന്നും 1കൊരിന്ത്യർ 15:1-4 വരെയുള്ള വാക്യങ്ങളെക്കാൾ വ്യക്തമല്ല.

"എന്നാൽ, സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്ക് ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്ന് നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു". ഈ ഭാഗത്തുള്ള സുപ്രധാനമായ ചില ഘടകങ്ങൾ കാണുക.

തിരുവെഴുത്തുകളിൻ പ്രകാരം - ക്രിസ്തു,

-നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു.

-അടക്കപ്പെട്ടു.

-മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

അതുകൊണ്ട്, സുവിശേഷ സന്ദേശത്തിന്റെ ദൃഷ്ടികേന്ദ്രം നാലുവിധകാര്യങ്ങൾ ഉൾപ്പെട്ടതാണെന്ന് കാണപ്പെടുന്നു.

-(1). യേശു ആരാണ്? -ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തു

- (2). സുവിശേഷത്തെക്കുറിച്ച് എവിടെ നിന്നും നാം പഠിക്കുന്നു?- തിരുവെഴുത്തുകളിൽ നിന്ന്.

യേശു എന്തു ചെയ്തു? നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു.

- (3). ഇത് സത്യമാണെന്ന് നാം എങ്ങനെ അറിയുന്നു?

യേശുവിന്റെ ശാരീരിക ഉയിർത്തെഴുന്നേൽപ്പിലൂടെ, എന്തായാലും, ഓരോ സുവിശേഷ അവതരണങ്ങളും ഈ പ്രാഥമിക ഘടകങ്ങൾ ഉൾപ്പെട്ടതുകൊണ്ടായിരിക്കണം.

ഈ മൂലതത്വങ്ങളിൽ നിന്ന് പ്രവഹിക്കുന്നത്, ആശയവിനിമയം ചെയ്യപ്പെടേണ്ടതും വിശ്വസിക്കപ്പെടേണ്ടതുമായ അർത്ഥപൂർണ്ണമായ അനേകം സത്യങ്ങളാണ്.

1). **യേശു ദൈവമാകുന്നു**

യേശു ക്രിസ്തുവാണെന്ന് പറയുന്നത്, അവൻ ദൈവപുത്രൻ- വാസ്തവമായും ദൈവം ആണെന്ന് നാം വിശ്വസിക്കുന്നതിന്റെ ഉറപ്പിച്ചുപറയലാണ് (മത്തായി 15:15-16; റോമർ 10:9).

യേശു കർത്താവാകുന്നു എന്നു പറയുന്നത് അവന്റെ ദൈവത്വത്തിന്റെ ദൃഢപ്രതിജ്ഞയാണ്.

2). പഴയനിയമത്തിൽ ദൈവത്താൽ വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ (രക്ഷകൻ) ആണ് യേശു.

യെശയ്യാവ് 61:1-2; 7:14; ലൂക്കൊസ് 4:16-21; മത്തായി 1:20-23. കന്യാജനനം വിശ്വസിക്കപ്പെടുവാൻ അതിപ്രധാനമായ ഒരു വസ്തുതയാണ്. അല്ലായിരുന്നുവെങ്കിൽ കർത്താവിന് പാപസ്വഭാവമുണ്ടാകുമായിരുന്നു. മാത്രവുമല്ല, എല്ലാ മനുഷ്യരുടേയും പാപങ്ങൾക്കുവേണ്ടി യാഗമായിത്തീരുവാൻ അവൻ യോഗ്യനാവുകയുമില്ലായിരുന്നു.

3). ക്രിസ്തുവിനെ കൂടാതെ മനുഷ്യൻ പാപത്തിൽ നിശ്ശേഷം നശിച്ചവനും നിസ്സഹായനും വിനാശത്തിന് തീർപ്പ് കല്പിക്കപ്പെട്ടവനുമാണ് (യോഹന്നാൻ 8:21-24; റോമർ 5:6-8; എഫെസ്യർ 2:1-10; എബ്രായർ 9:27,28).

4). യേശു അവന്റെ പാപങ്ങൾക്കുവേണ്ടിയല്ല മരിച്ചത്, മറിച്ച്, നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് അവൻ മരിച്ചത്. അവൻ പാപരഹിതനായിരുന്നു. നമുക്കുവേണ്ടി അവൻ പിഴ നൽകി (എബ്രായർ 7:26-27; 2കൊരിന്ത്യർ 5:21; 1പത്രൊസ് 2:22-24).

5). പാപത്തിന്റെ ശക്തിയേയും പിശാചിനേയും തകർക്കുവാൻ ഭൗതികമായി മരിച്ച യേശു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു (റോമർ 6:6-12; കൊലൊസ്യർ 1:19-22; 1കൊരിന്ത്യർ 5:17).

6). ക്രൂശിൽ ചൊരിയപ്പെട്ട യേശുവിന്റെ രക്തം മാത്രമേ താഴപ്പറയുന്ന കാര്യങ്ങളിൽ ദൈവത്തിനു സ്വീകാര്യമായ ആധാരം നൽകുന്നുള്ളു.

(1). പാപക്ഷമ നേടുക. (2). പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള വീണ്ടെടുപ്പ്. (3). മനുഷ്യനും ദൈവവും തമ്മിലുള്ള തകർക്കപ്പെട്ട ബന്ധത്തിന്റെ അനുരഞ്ജനം (എബ്രായർ 9:12-15; കൊലൊസ്യർ 1:13-14; 19-20; 2:13-15; എഫെസ്യർ 1:7).

7). ക്രൂശിലെ യേശുവിന്റെ മരണം ദൈവസ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടതായിരുന്നു (യോഹന്നാൻ 3:16-17; 1യോഹന്നാൻ 4:9-10).

8). രക്ഷയ്ക്കുള്ള ഏക മാർഗ്ഗം യേശു മാത്രമാണ് (1തിമൊഥെയൊസ് 2:3-7; അപ്പൊസ്തല പ്രവൃത്തികൾ 4:8-12; യോഹന്നാൻ 14:6).

9). വചനകേൾവി രക്ഷയ്ക്ക് അതിപ്രധാനമാണ് (റോമർ 10:8-13,17; എഫെസ്യർ 5:26; 2തിമൊഥെയൊസ് 3:15-17; 1തെസ്സലൊനിക്യർ 2:13; 1കൊരിന്ത്യർ 2:1-5).

10). മനപ്പരിവർത്തനം ഉണ്ടാകത്തക്കനിലയിൽ വിശ്വാസത്താലുള്ള ഒരു വ്യക്തിപരമായ തീരുമാനം ഉണ്ടാകണം (യോഹന്നാൻ 1:12-13; 1ദിനവൃത്താന്തം 1:18-23).

11). ദൈവിക ശക്തി കൂടാതെ രക്ഷ സാദ്ധ്യമല്ല (ലൂക്കൊസ് 18:23-27; 1തെസ്സലൊനിക്യർ 1:4-5; റോമർ 1:16,17).

(ശേഷം രണ്ടാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

## വേദവിചാരം

# ദൈവരാജ്യം: ഒരു വിചിന്തനം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

സമവീക്ഷണ സുവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ പ്രസംഗങ്ങളുടെ കേന്ദ്രവിഷയമാണ് ദൈവരാജ്യം. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന പ്രസംഗത്തോടെ രംഗപ്രവേശനം ചെയ്തത് യോഹന്നാൻ സ്നാപകനാണ്. യേശു ആ സന്ദേശം ഏറ്റെടുത്തു. അപ്പൊസ്തലന്മാരുടെ പ്രസംഗവും ദൈവരാജ്യത്തെക്കുറിച്ചായിരുന്നു. ദൈവരാജ്യത്തെക്കുറിച്ച് രണ്ട് കാഴ്ചപ്പാടുകൾ നിലവിലുണ്ട്. 1. *ലൗകിക കാഴ്ചപാട്*: ധനികനെന്നും ദരിദ്രനെന്നുമുള്ള വ്യത്യാസം, അടിച്ചമർത്തൽ, അനീതി എന്നിവ ഇല്ലാത്ത സമത്വസുന്ദരമായ ഒരുമാതൃകയാണ് ദൈവരാജ്യത്തെക്കുറിച്ചുള്ള ലൗകിക കാഴ്ചപ്പാട് ചൂണ്ടികാണിക്കുന്നത്. 2. *ദൈവിക കാഴ്ചപ്പാട്*: ദൈവരാജ്യത്തെക്കുറിച്ചുള്ള ദൈവിക കാഴ്ചപാട് വേദപുസ്തകാധിഷ്ഠിതമാണ്. അരാമ്യ ഭാഷയിൽ യഹൂദന്മാരുടെ ഇടയിൽ ഉപയോഗത്തിൽ ഉണ്ടായിരുന്ന പദമാണ് *മാൽക്കുത്ത്* (Malkuth). രാജ്യത്വം, രാജകീയ അധികാരം, വാഴ്ച എന്നിങ്ങനെ വിവിധ അർത്ഥങ്ങൾ നൽകപ്പെട്ടിരിക്കുന്നു. പുതിയനിയമത്തിൽ *ബാസിലെയാ* എന്ന ഗ്രീക്ക് പദമാണ് ദൈവരാജ്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. മേൽപറഞ്ഞ അർത്ഥങ്ങൾതന്നെയാണ് ഇതിനും വിപക്ഷിക്കുന്നത്. *മെറ്റോനിമി* (Metonymi) എന്ന മറ്റൊരു ഗ്രീക്കുപദവും രാജ്യം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സ്വർഗ്ഗരാജ്യം എന്ന പദം മത്തായിയുടെ സുവിശേഷത്തിൽ പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ പേരിന് പകരമായി യഹൂദ പാരമ്പര്യപ്രകാരം സ്വർഗ്ഗം എന്ന പദം ഉപയോഗിച്ചിരുന്നു. ഈ പാരമ്പര്യം പുതിയനിയമത്തിലും നിലനിന്നിരുന്നതായി നമുക്ക് കാണാം (ലൂക്കൊസ് 15:21;20:4). ഇതിന്റെ അടിസ്ഥാനത്തിൽ സ്വർഗ്ഗരാജ്യവും, ദൈവരാജ്യവും ഒന്നാണെന്ന് മനസ്സിലാക്കാം.

പഴയനിയമത്തിന്റെ ആരംഭം മുതൽ യഹോവ രാജാവെന്ന ആശയം ഉത്ഭവിക്കുന്നില്ല. അബ്രഹാമിന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും ദൈവം രാജകീയ സ്വഭാവത്തിലല്ല വെളിപ്പെടുന്നത്. മോശെയ്ക്ക് തന്റെ പേര് വെളിപ്പെടുത്തിയപ്പോൾപോലും രാജകീയ പരിവേഷം പ്രകടമാക്കുന്നില്ല (പുറ. 3:14). എന്നാൽ, യിസ്രായേൽ എന്ന ജനത സ്ഥാപിക്കപ്പെടുന്നതുമുതൽ യഹോവ രാജാവെന്ന ആശയം യിസ്രായേലിനോടുള്ള ബന്ധത്തിൽ പ്രകടമാക്കുന്നു. (ന്യായ. 8:23; 1ശമു. 8:7; സങ്കീ. 11:6; 29:10; ദാനി. 4:17-25). പഴയനിയമ ചിന്തയിൽ യഹോവയായ ദൈവത്തിന്റെ സാർവ്വലൗകിക ഭരണമാണ് അടിസ്ഥാന വിഷയം. മൂന്ന് വിധത്തിൽ ഇത് നമുക്ക് മനസ്സിലാക്കാം. 1.യഹോവ പ്രപഞ്ചത്തിന്റെ രാജാവാണ്. അവൻ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. (സങ്കീ. 103:19) അവന്റെ ചുറ്റും ദൂതന്മാർ ഉണ്ട്. (1രാജാ. 22:19). അവൻ ഭൂമിയെ വീക്ഷിക്കുന്നു. (സങ്കീ. 33:13). രാജാവിനെ യിസ്രായേൽ സ്തുതിക്കുന്നു. (1ദിന. 29:11,) അവൻ നിത്യരാജാവാണ്. (സങ്കീ. 145:13) അവൻ രാജാക്കന്മാരെ നിയമിക്കുന്നു (ദാനി. 2:37,4:17, 5:21). 2. യഹോവ യിസ്രായേലിന്റെ യഥാർത്ഥ രാജാവാണ് (ആവ.33:5; 1ശാമു. 12:12). 3. യഹോവ ഭാവി രാജാവാണ്. രാജാവായ ദൈവം രക്ഷ നൽകുന്ന ഒരു ഭാവി രാജ്യത്തെക്കുറിച്ച് യിസ്രായേൽ ചിന്തിച്ചിരുന്നു. ശത്രുക്കളിൽനിന്ന് തന്റെ ശക്തിയാൽ യിസ്രായേലിനെ രക്ഷിക്കുകയും യിസ്രായേലിനെ കൂട്ടിച്ചേർക്കുകയും സീയോനിൽ വാണരുളുകയും ചെയ്യും. -യെശ. 34:12, 44:6; യെശ. 52:7; യെഹ. 20:3; യെശ. 24:23; സെഫ. 4:9-17.

നസ്രത്തിലെ ആരംഭകാല അവ്യക്തതയിൽ നിന്ന് തന്റെ സ്നാനത്തിലൂടെ പുറത്തുവന്നശേഷം യേശു പരസ്യശുശ്രൂഷ ആരംഭിച്ചു. യേശുവിന്റെ രേഖപ്പെടുത്തിയ ആദ്യവാക്കുകൾ ഇവയാണ് "കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു". യേശുവിന്റെ പ്രധാന പ്രസംഗ വിഷയം ദൈവരാജ്യമായിരുന്നു (ലൂക്കൊ. 4:43; 8:1). ദൈവരാജ്യം ക്രിസ്തു കേന്ദ്രീകൃതമാണ്. ദൈവത്തിന്റെ ഭരണം ഉദിച്ചുയരുന്ന ഒരു യാഥാർത്ഥ്യമാണെന്ന് യേശു പ്രഖ്യാപിച്ചു (ലൂക്കൊ. 11:20; 16:16; 17:21; മർക്കൊ. 4:11; ലൂക്കൊ. 10:23). കെയ്റോസ് (Kairos) എന്ന ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് നിശ്ചയിക്കപ്പെട്ട സമയം എന്നാണ്. നിശ്ചയിക്കപ്പെട്ട സമയം പൂർത്തിയായിരിക്കുന്നു. ദൈവരാജ്യം ഭൂമിയിൽ വന്നിരിക്കുന്നു എന്ന ആശയമാണ് മർക്കൊ. 1:15ൽ കാണുന്നത്. ദൈവരാജ്യം ക്രിസ്തുവിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തു തന്നെയാണ് ദൈവരാജ്യം. സഭാപിതാവായ ഒറിഗൺ യേശുവിനെ പറ്റി പറയാൻ രൂപപ്പെടുത്തിയ പദമാണ് ഓട്ടോബാസിലേയാ (Auto Basileia). താൻതന്നെ ദൈവരാജ്യം എന്നാണിതിന്റെ അർത്ഥം. ദൈവരാജ്യത്തിന്റെ വരവോടെ മനുഷ്യന്റെമേൽ സാത്താനും, പാപവും, മരണവും നടത്തിയ മേൽക്കോയ്മ അവസാനിച്ചു. യേശുവിലൂടെ മനുഷ്യനിൽ ദൈവം ഭരണം നടത്തുന്നു. യേശുവിൽ ദൈവരാജ്യം ആഗതമായി (മത്താ. 12:26; 11:12; ലൂക്കൊ. 12:32; 19:10; യോഹ. 10:1-5). ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ അപ്പൊസ്തലന്മാർക്ക് തങ്ങളുടെ ഗുരുവിൽനിന്ന് ദൗത്യം ലഭിക്കുന്നു. പെന്തക്കൊസ്തിനു ശേഷം സുവിശേഷ പ്രസംഗത്തിന്റെ ആത്യന്തിക വിഷയമായി പൗലൊസിന്റെ ശുശ്രൂഷയിൽ പോലും ദൈവരാജ്യം വിഷയീഭവിക്കുന്നു (പ്രവൃ. 17:8; 20:25; 28:23,31; 14:22; 1തെസ്സ. 2:12).

മനുഷ്യഹൃദയങ്ങളിൽ ഉള്ള ദൈവിക ഭരണമാണ് ദൈവരാജ്യം. യേശുക്രിസ്തുവിലൂടെയുള്ള ദൈവിക ഭരണം അംഗീകരിക്കപ്പെടുന്നത് ഓരോ വ്യക്തിയുടേയും ഹൃദയത്തിലാണ് (പ്രവൃ. 4:19; എഫെ. 3:17). പിന്നീട് അവ ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടുന്നു. അങ്ങനെ ദൈവരാജ്യം ഐഹീകമല്ല (യോഹ. 18:36,37). ദൈവരാജ്യം ദേശീയവും സാമ്രാജ്യത്വപരവുമല്ല, ദൈവവും വ്യക്തികളും തമ്മിലുള്ള വ്യക്തിബന്ധമാണ്. മനുഷ്യന്റെ അനുസരണത്തിനും ആത്മാർത്ഥതയ്ക്കും മേൽ നിലനിൽക്കുന്ന ദൈവത്തിന്റെ അവകാശവാദമാണ് ദൈവരാജ്യം. കാലാകാലങ്ങളിൽ വ്യക്തികൾ ഈ അവകാശ വാദം അംഗീകരിച്ച് പരമാധികാരത്തിന് വിധേയപ്പെടുന്നു. യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ നിന്റെ രാജ്യം വരേണമേ എന്ന വാക്കുകൾ ദൈവരാജ്യത്തിനായി വാഞ്ചിക്കുന്ന നമ്മുടെയും പ്രാർത്ഥനാ വാക്കുകളാകട്ടെ.

*(ക്രിസ്റ്റഫർ അഗസ്റ്റസ് ബിക്സൽ തുർക്കിയുടെ 'Biblical Conception of the kingdom of God'* എന്ന പുസ്തകത്തെ അവലംബിച്ച് തയ്യാറാക്കിയതാണ് ഈ കുറിപ്പ്).

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442